പദ്ധതിയിൽ വക കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് മുനമ്പം, ചെമ്പ്, കടപ്പ്, തലവടി എന്നിവിടങ്ങളിൽ മത്സ്യവിപണികളും, ലാൻഡിംഗ് സെന്ററുകളും സ്ഥാപിക്കുന്നതിനുള്ള പണികളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള അവകാശം (Fishing right) ലേലമോ ടെൻഡറോ വിളിക്കാതെ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ ശരാശരി തുക വച്ച് പാട്ടത്തിനു കൊടുക്കുന്നുണ്ട്. ഇതിൽ സഹകരണസംഘങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

മീൻപിടിത്തക്കാരുടെ ഉദ്ധിതാശ്വാസനിധി

* 192. [21] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് മീൻപിടിത്തക്കാരുടെ ഉദ്ധിതാശ്വാസനിധി ഏർപ്പെടുത്തിയോ;

(ബി) ടി നിധിയിൽനിന്നും അർഹരായിട്ടുള്ള മീൻപിടിത്തക്കാരുടെ കുടുംബാംഗങ്ങൾക്ക് ഗ്രാന്റു നൽകിയിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഏർപ്പെടുത്തി.
(ബി) ഇല്ല.

ഉദ്ധിതാശ്വാസനിധിയുടെ വിനിയോഗത്തിനുള്ള ചട്ടങ്ങൾ അംഗീകരിച്ചത് 1963 ഡിസംബറിലാണ്. ടി നിധിയിൽനിന്നും ഗ്രാന്റുകൾ നൽകാനുള്ള നടപടി എടുത്തുവരുന്നു.

മൂന്നാം പദ്ധതി

* 193. [22] ശ്രീ. ടി. എ. തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാംകൊല്ലത്തെ പ്രോഗ്രാം അനുസരിച്ചുള്ളസംഖ്യ ഓരോ ഡിപ്പാർട്ടുമെന്റും എത്ര ശതമാനം ചെലവാക്കി;

(ബി) മുഴുവൻതുകയും ഈ സാമ്പത്തികവർഷത്തിൽ ചെലവാകുമോ; ചെലവാക്കുമോ;

(സി) ആണ്ടിന്റെ അവസാനമാസങ്ങളിൽ കൂടുതൽ തുക ചെലവാക്കുന്ന പ്രവണത കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) വിശദവിവരങ്ങളടങ്ങിയ ഒരു † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) മുഴുവൻ തുകയും ഈ സാമ്പത്തികവർഷത്തിൽ തന്നെ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

(സി) ആണ്ടിന്റെ അവസാനമാസങ്ങളിൽ കൂടുതൽതുക ചെലവാകുന്ന പ്രവണത കുറയ്ക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പിന്നാക്കസമുദായ പട്ടികയിൽ ഉൾപ്പെടുത്താൻ നിവേദനം

* 194. [23] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായപ്പട്ടികയിൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിച്ചുകൊണ്ട് ഏതെല്ലാം സമുദായത്തിൽനിന്നും ഗവണ്മെന്റിനു് നിവേദനം കിട്ടിയിട്ടുണ്ട്;

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly